2. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അൻപത്തിനാറ് മുതൽ എഴുപത്തിനാറ് വരെയുള്ള റിപ്പോർട്ടുകൾ

ഡോ. ടി. എം. തോമസ് ഐസക്: സർ, പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ 54 മുതൽ 74 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

VIII നിയമനിർമ്മാണകാര്യം

2014-ലെ കേരള ധനകാര്യ ബിൽ, 2014-ലെ കേരള ധനകാര്യ (2-ാം നമ്പർ ബിൽ) എന്നിവ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം

10.55 AM

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2014-ലെ കേരള ധനകാര്യ ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയും മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയും സംയുക്തമായി പരിഗണിക്കുന്നതിനും 2014-ലെ കേരള ധനകാര്യ രണ്ടാം നമ്പർ ബിൽ പ്രത്യേകമായി പരിഗണിക്കുന്നതിനും സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനക്ക് അയക്കണമെന്നുമുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

10.56 AM

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ധനകാര്യ ബിൽ നമ്പർ- (1) 281, ധനകാര്യ ബിൽ നമ്പർ- (2) 282 എന്നിങ്ങനെ രണ്ട് ബില്ലുകളാണുള്ളത്. ഒരു ബിൽ ഇംഗ്ലീഷിലും മറ്റൊരു ബിൽ മലയാളത്തിലുമാണുള്ളത്. 2014-15-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ വിവിധ ഖണ്ഡികകളിൽ പ്രഖ്യാപിച്ചിട്ടുള്ളപ്രകാരം ഈ സാമ്പത്തിക വർഷത്തേയ്ക്കുള്ള സംസ്ഥാന സർക്കാരിന്റെ ധനകാര്യ നിർദ്ദേശങ്ങൾക്കുവേണ്ടി 10 നിയമങ്ങൾ ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ആദ്യത്തെ ബിൽ. ആദ്യത്തെ ബില്ലിലെ രണ്ടാമത്തെ ക്ലാസിൽ തിരു-കൊച്ചി സാഹിത്യ ശാസ്ത്ര ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യൽ ആക്ടിലെ ഭേദഗതികളാണ്. അതിലെ 3-ാം വകുപ്പിൽ 1959-ലെ കേരളാ സ്റ്റാമ്പ് ഡ്യൂട്ടി ആക്ടിലെ ഭേദഗതികളാണ്. അതുപോലെ 3-ാം ബില്ലിലെ നാലാം ഖണ്ഡം കേരളാ പ്ലാന്റേഷൻ ആക്ടിൽനിന്ന് കമ്പനികളല്ലാത്ത ആളുകളെ ഒഴിവാക്കുന്നതാണ്. 4-ാം ബില്ലിലെ 5-ാം ഖണ്ഡം കേരള പൊതുവിൽപ്പന നികുതിക്കുള്ള ഭേദഗതികളാണ്. 5-ാം ബില്ലിലെ 6-ാം ഖണ്ഡം 15-ലെ കേരള കെട്ടിട നികുതി നിയമമനുസരിച്ചുള്ള കെട്ടിട നികുതി വർദ്ധിപ്പിക്കുന്നതിനും കന്നുകാലി, പന്നി, കോഴി ഫാമുകളേയും പോളി ഹൗസുകളേയും കെട്ടിട നികുതിയിൽനിന്നും ഒഴിവാക്കുന്നതിനുള്ള ഭേദഗതികളാണ്. 6-ാം ബില്ലിലെ 7-ാം ഖണ്ഡം 1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ

LIBRARY ARCHIVES Kerala Legislative Assembly